കില
വാർത്താപത്രിക

VOLUME-11
ISSUE-6
JUNE 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

ഇന്ത്യയിലെ യൂണിസെഫ് ഡെപ്യൂട്ടി ഡയറക്ടർ ഹെൻ റിറ്റേ
കില ഡയറക്ടർ ഡോ.ജോയ് ഇളമണുമായി ചർച്ച നടത്തുന്നു

യൂണിസെഫ് ഡെപ്യൂട്ടി ഡയറക്ടർ കിലയിൽ

കിലയുടെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും ബാലസൗഹൃദ ഇടപെടലുകളെക്കുറിച്ചറിയാനും ഇന്ത്യയിലെ യൂണിസെഫിന്റെ പ്രോഗ്രാം ഡെപ്യൂട്ടി ഡയറക്ടർ ഹെൻ റിറ്റെയും പ്രോഗ്രാം ആന്റ് പ്ലാനിംഗ് ഇവാല്യുവേഷൻ മേധാവി മിസാക്കി അകാസ്കയും കിലയിലെത്തി. കില ഡയറക്ടർ ഡോ.ജോയ് ഇളമണും മറ്റും ചേർന്നു ഇരുവരേയും സ്വീകരിച്ചു. യൂണിസെഫ് ചെന്നൈ യൂണിറ്റിലെ രമണി മൂർത്തിയും ഇവരോടൊപ്പമുണ്ടായിരുന്നു. കിലയിൽ നടന്നു വരുന്ന വിവിധ പരിശീലനപരിപാടികൾ സന്ദർശിച്ച ഇവർ പരിശീലനാർത്ഥികളുമായി ഹ്രസ്വമായി സംവദിച്ചു. തുടർന്ന് കില ഡയറക്ടറുടെ ചേംബറിൽ നടന്ന ചർച്ചയിൽ ഡയറക്ടർക്കു പുറമെ പ്രൊ.ഡോ.സണ്ണി ജോർജ്, അസോസിയേറ്റ് പ്രൊഫ.ഡോ.പീററർ എം.രാജ്, ഡോ.ജെ.ബി. രാജൻ, ഡെപ്യൂട്ടി ഡയറക്ടർ പി.ബി.ഉഷ, അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ്, ഭാസ്കരൻ പള്ളിക്കര, കെ. ജി. സജീവ്, റിസ്മിയ എന്നിവർ പങ്കെടുത്തു. ബാലസൗഹൃദ തദ്ദേശഭരണവുമായി ബന്ധപ്പെട്ട് കില ഇതുവരെ നടത്തിയതും തുടർന്നുവരുന്നതുമായ പ്രവർത്തനങ്ങളെക്കുറിച്ച് കില ഡയറക്ടർ വിശദീകരിച്ചു. ബാലസൗഹൃദ തദ്ദേശഭരണത്തിനുവേണ്ടി കില നടത്തിവരുന്ന പ്രവർത്തനങ്ങളിൽ ഇരുവരും സംതൃപ്തി അറിയിച്ചു.

ബാലസൗഹൃദ തദ്ദേശഭരണത്തിനുവേണ്ടി കില നടത്തിവരുന്ന പ്രവർത്തനങ്ങളിൽ യൂണിസെഫ് സംഘം സംതൃപ്തി അറിയിച്ചു. തുടർ പ്രവർത്തനങ്ങൾക്കു ഇനിയും യൂണിസെഫിന്റെ സഹായസഹരണങ്ങൾ ഉണ്ടാകുന്നതാണ്. ദേശീയ-അന്തർദേശീയ തലത്തിൽ കിലയുമായി സഹകരിച്ച് യൂണിസെഫ് നടത്തേണ്ടുന്ന പരിപാടികളെക്കുറിച്ചായിരുന്നു മുഖ്യ ചർച്ച.

തുടർ പ്രവർത്തനങ്ങൾക്കു ഇനിയും യൂണിസെഫിന്റെ സഹായസഹരണങ്ങൾ ഉണ്ടാകുന്നതാണ്. ദേശീയ-അന്തർദേശീയ തലത്തിൽ കിലയുമായി സഹകരിച്ച് യൂണിസെഫ് നടത്തേണ്ടുന്ന പരിപാടികളെക്കുറിച്ചായിരുന്നു മുഖ്യ ചർച്ച.

ബാലസൗഹൃദ ജില്ലാപഞ്ചായത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചറിയാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സന്ദർശിച്ച സംഘം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസുമായി ചർച്ച നടത്തി. ബാലസൗഹൃദ പ്രവർത്തനങ്ങളുമായി ഏറേ മുന്നോട്ടു പോയ മറ്റത്തൂർ ഗ്രാമപഞ്ചായത്തും സംഘം സന്ദർശിച്ചു.

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കില കാമ്പസിൽ സംഘടിപ്പിച്ച ഫലവൃക്ഷതൈ നടീൽ

ജലസംരക്ഷണത്തിലൂടെ മാത്രമേ നിലനിൽപ്പുള്ളൂ

ജലസംരക്ഷണത്തിലൂടെ മാത്രമേ മനുഷ്യനു നിലനിൽപ്പുള്ളൂവെന്ന് കൃഷിയിൽ പ്രാവീണ്യം തെളിയിച്ച വർഗീസ് തരകൻ അഭിപ്രായപ്പെട്ടു. ഒരു സെന്റു ഭൂമിയിൽ 1.20 ലക്ഷം ലിറ്റർ മഴവെള്ളമാണ് പെയ്തിറങ്ങുന്നത്. അതു സംരക്ഷിക്കാതെ കടലിലേക്കു ഒഴുക്കിവിടുന്ന നമ്മുടെ രീതി തന്നെ മാറണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കില കാമ്പസിൽ ഫലവൃക്ഷത്തൈകൾ നടുന്ന പരിപാടിക്കു തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കില അസോസിയേറ്റ് പ്രൊഫ. ഡോ.ജെ.ബി.രാജൻ വർഗീസ് തരകനെ പരിചയപ്പെടുത്തി. കില ഡെപ്യൂട്ടി ഡയറക്ടർ പി.ബി.ഉഷ, സെക്ഷൻ ഓഫിസർ കെ.ബാബു, അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ്, അക്കൗൺസ് ഓഫീസർ ആർ. ഗിരിജാദേവി എന്നിവരുടെ നേതൃത്വത്തിലാണ് കില ജീവനക്കാർ വൃക്ഷതൈകൾ നട്ടത്.

മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിലും കില കാമ്പസിൽ വൃക്ഷതൈകൾ നട്ടു. പ്രഡിന്റ് ബിന്ദു ബെന്നി, വൈസ് പ്രസിഡന്റ് കെ.എച്ച്.സുഭാഷ് , സ്റ്റാൻഡിംഗ് കമ്മിററി ചെയർമാൻമാർ, സെക്രട്ടറി, കൃഷി ഓഫീസർ എന്നിവർ നേതൃത്വം നൽകി. കില ഡെപ്യൂട്ടി ഡയറക്ടർ, അസി ഡയറക്ടർ, സെക്ഷൻ ഓഫീസർ എന്നിവർ സംബന്ധിച്ചു.

കില സന്ദർശിക്കാനെത്തിയ ബംഗ്ലാദേശിലെ ഉന്നതതല സംഘം

കിലയുടെ പരിശീലനപരിപാടികൾ പഠിക്കാൻ ബംഗ്ലാദേശ് സംഘമെത്തി

തദ്ദേശസ്ഥാപനങ്ങൾക്കുവേണ്ടി കില നടത്തുന്ന വിവിധ പരിശീലനപരിപാടികൾ കണ്ടു മനസ്സിലാക്കാനും അതു ബംഗ്ലാദേശിൽ പ്രാവർത്തികമാക്കാനും അവിടെനിന്നുള്ള നാലംഗ ഉന്നതതല സംഘം കിലയിലെത്തി. ബംഗ്ലാദേശിലെ പ്രാദേശിക ഭരണ വകുപ്പിലെ അഡീഷ്ണൽ സെക്രട്ടറി ഇക്രാമുൾ ഹഖ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ ഗവേണൻസ് ഡയറക്ടർ ജനറൽ തപൻകുമാർ കർമാർക്കർ, റിസർച്ച് ഓഫീസർ എ.ജെഹാദ് സർക്കാർ, പ്രാദേശിക ഭരണത്തിനായുള്ള ഉപദേശകൻ അക്കിര മുനകാട്ട എന്നിവരാണ് കില സന്ദർശിച്ചത്.

കിലയിൽ സംഘടിപ്പിച്ച വിവിധ പരിശീലനപരിപാടികളിൽ സംഘാംഗങ്ങൾ പങ്കെടുത്തു. കിലയിൽ പരിശീലന പരിപാടികൾ തയ്യാറാക്കുന്ന വിധം, പരിശീലനരീതികൾ, പരിശീലന കലണ്ടർ, തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് കില ഫാക്കൽറ്റി അംഗങ്ങളുമായി സംഘം ചർച്ച നടത്തി. കേരളത്തിലെ അധികാരവികേന്ദ്രീകരണം, പങ്കാളിത്ത ആസൂത്രണം, തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള പരിശീലനം, ഇ-ലേണിംഗ് പരിപാടികൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് കില പ്രൊഫ.ഡോ.സണ്ണി ജോർജ്, ഡോ. പീററർ.എം.രാജ്, അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ്, എം.രേണുകുമാർ, പ്രൊഫ.ടി.രാഘവൻ, ഇൻഫർമേഷൻ കേരളാമിഷനിലെ (ഐ.കെ.എം) എം.ബഷീർ എന്നിവർ വിശദീകരിച്ചു. ചാഴൂർ ഗ്രാമപഞ്ചായത്തും സംഘം സന്ദർശിച്ചു.

ആലപ്പുഴ കനാലുകളുടെ പുനരുദ്ധാരണവും വികേന്ദ്രീകൃത ഖര-ജലമാലിന്യങ്ങളുടെ സംസ്കരണ പദ്ധതികളും ലക്ഷ്യമിട്ടുകൊണ്ടു ആലപ്പുഴയിൽ സംഘടിപ്പിച്ച ദേശീയ ശില്പശാലയിൽ മന്ത്രി ഡോ.തോമസ് ഐസക് സംസാരിക്കുന്നു

ആലപ്പുഴ കനാലുകളുടെ പുനരുദ്ധാരണത്തിനു **സമ്മർ സ്കൂൾ ദേശീയ ശില്പശാല**

ആലപ്പുഴ കനാലുകളുടെ പുനരുദ്ധാരണവും വികേന്ദ്രീകൃത ഖര-ജലമാലിന്യങ്ങളുടെ സംസ്കരണ പദ്ധതികളും ലക്ഷ്യമിട്ടുകൊണ്ടുള്ള ദേശീയ ശില്പശാല- സമ്മർ സ്കൂൾ- ആലപ്പുഴയിൽ സംഘടിപ്പിച്ചു. മുംബൈ ഐ.ഐ.ടി.യുടെ സെന്റർ ഫോർ പോളിസി സ്റ്റഡീസിന്റെയും കിലയുടേയും നേതൃത്വത്തിലായിരുന്നു ശില്പശാല. മാഗസസെ സ്റ്റോക്ക് ഹോം വാട്ടർ പുരസ്കാര ജേതാവ് രാജേന്ദ്രസിംഗാണ് ഉദ്ഘാടനം ചെയ്തത്. ജലം ഇല്ലാതാകുമ്പോഴാണ് അതിന്റെ പ്രാധാന്യത്തെക്കുറിച്ച് നാം തിരിച്ചറിയുന്നതെന്നു ഉദ്ഘാടന പ്രസംഗത്തിൽ രാജേന്ദ്രസിംഗ് പറഞ്ഞു. മുൻതലമുറയിൽ പെട്ടവരുടെ നിരുത്തരവാദിത്വമാണ് ആലപ്പുഴയിലെ കനാലുകളുടെ നാശത്തിനു കാരണം. ഭാവിയെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി ജലാശയങ്ങൾ നാളേക്കുവേണ്ടി സംരക്ഷിക്കേണ്ടത് എല്ലാവരുടെയും ചുമതലയാണ്. ജലാശയങ്ങൾ സംരക്ഷിക്കുന്നതിനായി വികേന്ദ്രീകൃത രീതികളെക്കുറിച്ചും മാർഗ്ഗങ്ങളെക്കുറിച്ചും അദ്ദേഹം വിദ്യാർത്ഥികളുമായി സംവദിച്ചു.

ഉയർന്ന ജലനിരപ്പും താഴ്ന്ന ഭൂപ്രദേശവുമുള്ള ആലപ്പുഴയിൽ പരമ്പരാഗത മാർഗ്ഗങ്ങളുപയോഗിച്ചു കനാൽ സംരക്ഷിക്കുന്നതു പ്രായോഗികമല്ലെന്നു ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത മന്ത്രി ഡോ.തോമസ് ഐസക് അഭിപ്രായപ്പെട്ടു. നൂതനരീതിയിലുള്ള മാർഗ്ഗങ്ങൾ മാത്രമാണ് ഇതിനു പരിഹാരം. ഐ.ഐ.ടി മുംബൈയും കിലയും നടത്തിവരുന്ന പഠനങ്ങളേയും പ്രവർത്തനങ്ങളേയും ആശ്രയിച്ചാണ് തുടർന്നുള്ള വലിയ പദ്ധതികൾക്കു സർക്കാർ മുൻകൈ എടുക്കുകയെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിൽനിന്നുള്ള മുന്നൂറിൽ പരം എഞ്ചിനീയറിംഗ്- സാമൂഹ്യശാസ്ത്ര വിദ്യാർത്ഥികൾ ശില്പശാലയിൽ പങ്കെടുത്തു. മുംബൈ ഐ.ഐ.ടി അധ്യാപകൻ പ്രൊഫ.എൻ.സി.നാരായണൻ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, എം. ആർ.പ്രേം, എ.എസ്.കവിത, പി.ബിജു, എൻ.സുനിൽ കുമാർ തുടങ്ങിയവർ സംസാരിച്ചു.

മേയ് 19 നു ആരംഭിച്ച രണ്ടാംഘട്ട ശില്പശാല സെന്റർ ഫോർ സയൻസ് ആന്റ് എൺവയൺമെന്റ് ഡയറക്ടർ ജനറൽ സുനിത നാരായണനാണ് ഉദ്ഘാടനം ചെയ്തത്. കനാലുകളുടെ സ്ഥിതി തിരിച്ചറിഞ്ഞ് മലിനീകരണത്തിന്റെ തോതു മനസ്സിലാക്കി പുതിയ നിർദ്ദേശങ്ങളും നൂതന ഇടപെടലുകളും ഉയർത്തിയ 2017 ലെ വിന്റർ സ്കൂളിന്റെ തുടർച്ചയാണിത്. ഖരമാലിന്യസംസ്കരണം നഗരത്തിൽ ഫലപ്രദമായി നടക്കാറുണ്ടെങ്കിലും ജലമാലിന്യസംസ്കരണത്തനു ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിലാണ് ജലമാലിന്യസംസ്കരണത്തിനു നൂതന വികേന്ദ്രാകൃത സംവിധാനം മന്ത്രി തോമസ് ഐസക് മുന്നോട്ടുവച്ചത്. 150 സ്ഥാപനങ്ങളിൽ നടത്തിയ വിവരശേഖരണത്തിന്റെയും ജി.എസ്.ഐ സാങ്കേതിക വിദ്യയിൽ മാപ്പിങ്ങിന്റെ സഹായത്തോടെയുമാണ് ജനമാലിന്യസംസ്കരണ പദ്ധതിയുടെ പ്രാഥമിക തയ്യാറെടുപ്പു നടത്തിയത്. പുളിങ്കുന്ന് എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ നേതൃത്വത്തിലായിരുന്നു സർവെ നടത്തിയത്.

ആലപ്പുഴ കനാലുകളുടെ പുനരുദ്ധാരണവും വികേന്ദ്രീകൃത ഖര-ജലമാലിന്യങ്ങളുടെ സംസ്കരണ പദ്ധതികളും ലക്ഷ്യമിട്ടുകൊണ്ടു ആലപ്പുഴയിൽ സംഘടിപ്പിച്ച ദേശീയ ശില്പശാല മാഗസസെ സ്റ്റോക്ക് ഹോം വാട്ടർ പുരസ്കാര ജേതാവ് രാജേന്ദ്രസിംഗ് ഉദ്ഘാടനം ചെയ്യുന്നു

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ നീർത്തട മാസ്റ്റർപ്ലാൻ പദ്ധതിയുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല ഡോ. പി.കെ.ബിജു എം.പി. ഉദ്ഘാടനം ചെയ്യുന്നു

സുസ്ഥിര വികസനത്തിനു ഹരിതഭംഗി നിലനിർത്തണം: പി.കെ.ബിജു എം.പി

സുസ്ഥിരവികസനത്തിനു ഹരിതഭംഗി നിലനിർത്തണമെന്നു ഡോ.പി.കെ.ബിജു എം.പി. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ നീർത്തട മാസ്റ്റർപ്ലാൻ പദ്ധതിയുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭൂമിക്കടിയിൽ ധാരാളം വെള്ളമുണ്ടെന്ന ധാരണ ശരിയല്ല. മഴവെള്ള സംഭരണത്തിലൂടെ മാത്രമേ ജലലഭ്യതയും മണ്ണുസംരക്ഷണവും നിലനിർത്താനാകൂ. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കിണറുകളുള്ള സംസ്ഥാനമാണ് നമ്മുടേത്. ജലസംരക്ഷണത്തിനു ശരിയായ നടപടി സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ അതു നമ്മുക്കുതന്നെ ദോഷം ചെയ്യും. എവിടെയൊക്കെ പുഴകൾ നഷ്ടപ്പെട്ടിട്ടുണ്ടോ അവയെല്ലാം തിരിച്ചുപിടിക്കാനാകണം. വരട്ടയാർ പുഴ തിരിച്ചുപിടച്ചതു ഇതിനുദാഹരണമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കില അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ് സ്വാഗതം പറഞ്ഞു. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബസന്തലാൽ, കില എക്സ്റ്റൻഷൻ ഫാക്കൽറ്റി സി.വിനോദ് കുമാർ എന്നിവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ കെ.ബാബു(വരവൂർ), ശ്രീജ (തെക്കുംകര), മീനശലോമൻ (എരുമപ്പെട്ടി), വടക്കാഞ്ചേരി ബി.ഡി.ഒ പി.എച്ച്. ഷൈൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുനിത എന്നിവർ സംബന്ധിച്ചു.

കാലാവസ്ഥാവ്യതിയാനവും കാർഷികമേഖലയും എന്ന വിഷയത്തെക്കുറിച്ച് കാർഷിക മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺമാർക്കും കൺവീനർമാർക്കും കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല

കാലാവസ്ഥാവ്യതിയാനവും കാർഷികമേഖലയും കിലയിൽ ഏകദിന ശില്പശാലാപരമ്പര

കാലാവസ്ഥാവ്യതിയാനവും കാർഷികമേഖലയും എന്ന വിഷയത്തെക്കുറിച്ച് കാർഷിക മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺമാർക്കും കൺവീനർമാർക്കും കിലയിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഒമ്പതു ജില്ലകളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ളവരാണ് ശില്പശാലയിൽ പങ്കെടുത്തത്. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖ പ്രഭാഷണം നടത്തി. താപനില, മഴ, ആർദ്രത, ബാഷ്പീകരണം, സുര്യകിരണ പ്രസരണം, സൂര്യപ്രകാശ പ്രതിഫലനം, വായുമർദ്ദം, കാറ്റ് എന്നിവയിലൊക്കെയുണ്ടാകുന്ന മാറ്റങ്ങൾ കൃഷിയെ ബാധിക്കുമെന്നു ആമുഖപ്രസംഗത്തിൽ ഡോ.ജോയ് ഇളമൺ പറഞ്ഞു. കില അസോ.പ്രൊഫ.ഡോ.ജെ.ബി.രാജൻ ശില്പശാലയുടെ കാര്യപരിപാടി വിശദീകരിച്ചു. കാലാവസ്ഥ വ്യവസ്ഥാഘടകങ്ങളെക്കുറിച്ച് കാലാവസ്ഥാവകുപ്പിലെ ശാസ്ത്രജ്ഞൻ എൻ.ടി.നിയാസ് സംസാരിച്ചു. തമിഴ്നാട് സർവകലാശാലയിലെ അഗ്രോ ക്ലൈമറ്റ് റിസർച്ച് സെന്ററിലെ റിട്ട. പ്രൊഫ. ടി.എൻ.ബാലസുബ്രമണ്യൻ, ഡോ. വി.ഗീതാലക്ഷ്മി, കേരള സർവകലാശാലയിലെ ഡോ.കുഞ്ഞാമു, ഡോ.അജിത് കുമാർ.ബി, കില ട്രെയിനിംഗ് അസോസിയേറ്റ് സുകന്യ എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

ഹിമാചൽ പ്രദേശിലെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

ഹിമാചൽ പ്രദേശിലെ ജനപ്രതിനിധികൾ കിലയിൽ

കേരളത്തിലെ പഞ്ചായത്തിരാജ് സംവിധാനത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിനു ഹിമാചൽ പ്രദേശിലെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കില സന്ദർശിച്ചു. സോളാൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ധർമ്മപാലിന്റെ നേതൃത്വത്തിൽ 14 വനിതകളുൾപ്പെടെയുള്ള 31 അംഗ സംഘത്തിൽ 25 പേർ ജനപ്രതിനിധികളും ശേഷിച്ചവർ ഉദ്യോഗസ്ഥരുമാണ്. കിലയിൽ ഇവർക്കുവേണ്ടി സംഘടിപ്പിച്ച അഞ്ചുദിവസത്തെ പരിശീലനപരിപാടിയിൽ കില പ്രൊഫ. ഡോ.സണ്ണി ജോർജ്, കോർഡിനേറ്റർ എം.രേണുകുമാർ എന്നിവർ സംസാരിച്ചു. കേരളത്തിലെ ഭൂപ്രകൃതി, ജനങ്ങൾ, വികസനം, ജനധിപത്യ അധികാരവികേന്ദ്രീകരണം, വികേന്ദ്രീകൃതാസൂത്രണം, പഞ്ചായത്തുകൾക്കു കൈമാറിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, ബാലസൗഹൃദ പ്രാദേശിക സർക്കാരുകൾ, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ, ധനവികേന്ദ്രീകരണം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. പ്രൊഫ.ടി.രാഘവൻ, സി.രാധാകൃഷ്ണൻ. ഡോ.പീറ്റർ എം.രാജ്, ഡോ. സണ്ണി ജോർജ് എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

തൃശ്ശൂർ ജില്ലാപഞ്ചായത്ത്, തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്, കണ്ടാണിശ്ശേരി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശിച്ച സംഘം ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി. എറണാകുളം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകളും സംഘം സന്ദർശിച്ചു.

അഗളി കില സെന്ററിൽ ആരംഭിച്ച അട്ടപ്പാടി ബ്ലോക്കിലെ വിവിധ വകുപ്പുകളിൽപെട്ട ജീവനക്കാർക്കുള്ള വ്യക്തിത്വവികസന പരിശീലനപരിപാടി

അട്ടപ്പാടി ബ്ലോക്കിൽ വ്യക്തിത്വവികസന പരിശീലനം

അട്ടപ്പാടി ബ്ലോക്കിലെ വിവിധ വകുപ്പുകളിൽ പെട്ട ജീവനക്കാർക്കുള്ള വ്യക്തിത്വവികസന പരിശീലനപരിപാടി അഗളി കില സെന്ററിൽ ആരംഭിച്ചു. കഴിഞ്ഞ മാർച്ച് രണ്ടിനു ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനമനുസരിച്ചാണ് പരിശീലനം. ദേശീയഗ്രാമീണ ഉപജീവന ദൗത്യമിഷൻ, കുടുംബശ്രീ അനിമേറ്റർമാർ, എസ്.ടി.പ്രമോട്ടർമാർ, ആശാവർക്കർമാർ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് രണ്ട്, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് മൊബൈൽ യൂണിററ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി മേറ്റ്, അംഗൻവാടി വർക്കർമാർ, അംഗൻവാടി ഹെൽപ്പർമാർ, കുടുംബശ്രീ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ, ബ്രിഡ്ജ്സ്കൂൾ ടീച്ചർ(കുടുംബശ്രീ) എന്നിവർക്കായിരുന്നു പരിശീലനം.

അഗളി ഗ്രാമപഞ്ചായത്തിലെ ഒന്നാംവാർഡിൽനിന്നുള്ള 23 പേരാണ് ആദ്യബാച്ച് പരിശീലനത്തിൽ പങ്കെടുത്തത്. പരിശീലനം രണ്ടുദിവസത്തേക്കായിരുന്നു. കില അസോസിയേറ്റ് പ്രൊഫ. ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. എ. എസ്. പ്രതാപ്സിംഗ്, കെ.പി.എ.ഹാഷിം, ഉമേഷ്, രഞ്ജിത്ത് എന്നിവർ സംസാരിച്ചു.

ചോദ്യങ്ങൾക്കു മറുപടി

? സാക്ഷരതാപ്രവർത്തനത്തിനുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കാൻ മാർഗ്ഗരേഖയിൽ വ്യവസ്ഥയില്ല. ഏതെങ്കിലും തരത്തിൽ പദ്ധതികൾ വയ്ക്കാൻ കഴിയുമോ?

● സാക്ഷരതാമിഷന്റെ സാമൂഹ്യ സാക്ഷരതാപദ്ധതികൾ ഉൾപ്പെടെ എല്ലാ പദ്ധതികൾക്കും കോഴ്സുകൾക്കും ബ്ലോക്ക് പഞ്ചായത്തടക്കം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതികൾ വയ്ക്കാൻ അനുമതി നൽകിക്കൊണ്ട് സബ്സിഡി മാർഗ്ഗരേഖയും പദ്ധതി മാർഗ്ഗരേഖയും ഭേദഗതി ചെയ്തിട്ടുണ്ട്. (സ.ഉ.(ആർ.ടി) 1173/2018 തസ്വഭവ 24.4.2018)

? ക്ഷീരകർഷകർക്കു പാലിനു സബ്സിഡി നൽകുമ്പോൾ കുടുംബവാർഷിക വരുമാനം നോക്കേണ്ടതുണ്ടോ?

● മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിൽ പദ്ധതി വയ്ക്കുമ്പോൾ അതിലെ സബ്സിഡി വിതരണത്തിനു കുടുംബവാർഷിക വരുമാനം അഞ്ചുലക്ഷത്തിൽ താഴെയുള്ളവർക്കു നൽകാൻ മാർഗ്ഗരേഖ അനുശാസിക്കുന്നുണ്ട് (ഖ.2.12.2. സബ്സിഡി മാർഗ്ഗരേഖ. സ.ഉ. (കൈ) 22/2018 തസ്വഭവ.തീയതി. 14.2.2018)

? തൊഴിൽ പരിശീലനങ്ങൾക്കു പദ്ധതി വയ്ക്കാമോ?

● ഏതെങ്കിലും പദ്ധതിയുടെ ഭാഗമായി അവർ ഏർപ്പെടുന്ന തൊഴിൽ മേഖലയുടെ നൈപുണ്യവികസനത്തിനു പരിശീലനം നൽകാൻ പദ്ധതി ഉപയോഗപ്പെടുത്താം. വാർഷിക കുടുംബവരുമാന പരിധി പ്രകാരം സബ്സിഡിക്കു അർഹമായ കുടുംബത്തിൽ പെട്ടവരും തൊഴിൽസംരംഭക ഗ്രൂപ്പുകളിൽ പെടുന്നവരുമായ 18 നും 50 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് ഇപ്രകാരം തൊഴിൽ പരിശീലനം നൽകേണ്ടത്. കേന്ദ്ര-സംസ്ഥാന വികസന വകുപ്പുകളോ അവയുടെ നിയന്ത്രണത്തിലുള്ളതോ ആയ സ്ഥാപനങ്ങൾ വഴിയാണ് പരിശീലനം നൽകേണ്ടത്.പരിശീലനാർത്ഥികൾക്കു സ്റ്റൈഫന്റ്, യാത്രാബത്ത, എന്നിവ നൽകാൻ പാടില്ല. ഗ്രാമ-ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾക്കു ഈ പദ്ധതി ഏറ്റെടുക്കാവുന്നതാണ്. (സ.ഉ.(കൈ)11/2018 തസ്വഭവ.തീയതി 29.1.2018. പാര.7.4.3)

? പദ്ധതി പണം ഉപയോഗിച്ച് ഗ്രന്ഥശാലകൾക്കു കെട്ടിടം നിർമ്മിച്ചു നൽകാമോ?

● കേരള ഗ്രാന്ഥശാലാസംഘത്തിൽ രജിസ്റ്റർ ചെയ്തു അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്കു കെട്ടിടം ഫർണീച്ചർ എന്നിവ ഉൾപ്പെടെ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു പദ്ധതി പണം ഉപയോഗിച്ച് പ്രോജക്ട് വയ്ക്കാം.ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളെയാണ് ഈ പണി ഏറ്റെടുക്കാൻ അനുവദിച്ചിട്ടുള്ളത്. (സ.ഉ.(കൈ) 11/2018.തസ്വഭവ.29.1.18.ഖണ്ഡിക 7.6.12)

? അൺ എയ്ഡഡ് സ്കൂളിനെ വസ്തുനികുതിയിൽനിന്ന് ഒഴിവാക്കണമെന്നു കാണിച്ച് അപേക്ഷ തന്നിരിക്കുന്നു. അനുവദനീയമാണോ?

● 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 ബി.(ബി.എ) പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ളതും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ ഹയർ സെക്കൻഡറി തലംവരെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിദ്യാഭ്യാസ ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽനിന്നു ഒഴിവാക്കിയിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 235 ബി.(ബിഎ) വകുപ്പുപ്രകാരം മുനിസിപ്പാലിററിയിലും ഇതു ബാധകമാണ്. അൺ എയ്ഡഡ് സ്കൂളുകൾക്കു ഈ നിയമം ബാധകമല്ല. ആയതിനാൽ സർക്കാർ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളെ വസ്തുനികുതിയിൽനിന്നു ഒഴിവാക്കാവുന്നതല്ല . (സർക്കാർ കത്ത് നമ്പർ 2234/ആർ.സി.2/2014. തസ്വഭവ. 16.7.2014 പ്രകാരമുള്ള സ്പഷ്ടീകരണവും കാണുക)

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? ഒരിക്കൽ അനുവദിച്ച കെട്ടിടനിർമ്മാണ പെർമിറ്റ് തടഞ്ഞുവയ്ക്കാനോ റദ്ദുചെയ്യുവാനോ പഞ്ചായത്തിനു അധികാരമുണ്ടോ?

● പെർമിറ്റ് അനുവദിച്ചതിൽ തെറ്റു പറ്റി എന്നോ അല്ലെങ്കിൽ ഏതെങ്കിലും പിശകു സംഭവിച്ചു എന്നോ തെറ്റിദ്ധരിക്കപ്പെട്ട വസ്തുതമൂലമാണ് പെർമിറ്റ് നൽകിയതെന്നോ ബോദ്ധ്യപ്പെട്ടാൽ സെക്രട്ടറിക്കു പെർമിറ്റ് തടഞ്ഞുവയ്ക്കാം. നൽകിയ പെർമിറ്റ് പ്രകാരം കെട്ടിടം പണിതാൽ ജനങ്ങളുടെ ജീവനോ സ്വത്തിനോ ഭീഷണിയാകുമെന്നു സെക്രട്ടറിക്കു തൃപ്തികരമായി ബോദ്ധ്യപ്പെട്ടാലും ഏതൊരു പെർമിറ്റും തടഞ്ഞുവയ്ക്കാനോ റദ്ദുചെയ്യാനോ സെക്രട്ടറിക്കു അധികാരമുണ്ട്.എന്നാൽ അപ്രകാരം ചെയ്യുന്നതിനുമുമ്പ് ഉടമയ്ക്കു വിശദീകരണത്തിനായി നോട്ടീസ് നൽകേണ്ടതും വിശദീകരണം നൽകാൻ അവസരം നൽകേണ്ടതുമാണ്.(കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011.സെ.18)

? സ്കൂളുകളിൽ പ്രഭാതഭക്ഷണപദ്ധതിക്കു ഫണ്ടു വയ്ക്കുന്നുണ്ട്. എല്ലാ സ്കൂളുകളിലും നടപ്പാക്കാമോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് പ്രഭാതഭക്ഷണ പദ്ധതി ഏറ്റെടുത്തു നടപ്പാക്കുമ്പോൾ അതു സർക്കാർ എൽ.പി.-യു.പി സ്കൂളുകളിൽ മാത്രമാണ് നടപ്പാക്കാൻ അനുവദിച്ചിട്ടുള്ളത്.(സ.ഉ.(കൈ)11/2018.തസ്വഭവ.തീയതി.29.1.2018.ഖ.7.6.(7))

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ചില പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കാൻ കൺസൽട്ടൻസികളെ ചുമതലപ്പെടുത്താറുണ്ട്. അപ്രകാരം ചെയ്യുമ്പോൾ അവർക്കു കൊടുക്കേണ്ട കൺസൽട്ടൻസി ഫീസ് എത്രയാണെന്നു വ്യക്തമാക്കാമോ?

● സ്വകാര്യ കൺസൽട്ടൻസികളേയോ ആർക്കിടെക്റ്റുകളേയോ ഉപയോഗിച്ചു പ്ലാനും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ അതിനുള്ള കൺസൽട്ടൻസി ഫീസായി മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള നിയമപ്രകാരം പൊതുമരാമത്തു വകുപ്പു നിശ്ചയിച്ചിട്ടുള്ള 3.5 ശതമാനം തുകയാണ് നൽകേണ്ടത്. ഗ്രാമപഞ്ചായത്തുകളിൽ 2.33 ശതമാനം തുകയും കൺസൽട്ടൻസി ഫീസായി നൽകാം. (സ.ഉ.(സാധാ)2049/2014.തസ്വഭവ.തീയതി. 7.8.2014)

? പദ്ധതി പണം ഉപയോഗിച്ച് നിർമ്മിച്ച വീടുകൾ പണയപ്പെടുത്തി ബാങ്കുകളിൽനിന്നു വായ്പ എടുക്കുവാൻ അനുവദിക്കാമോ?

● ജനകീയാസൂത്രണപദ്ധതിയിലൂടെ നിർമ്മിച്ച വീടുകൾ പണയപ്പെടുത്തി ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാബാങ്കുകൾ, സഹകരണബാങ്കുകൾ എന്നിവയിൽനിന്നു വായ്പ എടുക്കുന്നതിനു അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)2368/2014.തസ്വഭവ.തീയതി.10.9.2014)

കലാകായിക സാംസ്കാരിക പ്രവർത്തനവും തദ്ദേശഭരണസ്ഥാപനങ്ങളും

ഊർജത്തിന്റെ കലവറയാണ് യുവത്വം. സമ്പൂർണ കായികക്ഷമതയും കലാ സാംസ്കാരിക വികസനവും സിദ്ധിച്ച യുവജനത ഒരു രാജ്യത്തിന്റെ മഹത്തായ സമ്പത്താണ്. ആരോഗ്യകരമായ കായിക-കലാ സാംസ്കാരിക വളർച്ച നാടിന്റെ വികസനത്തിനു മുതൽക്കൂട്ടാക്കാൻ കഴിയും. ഇത്തരത്തിലുള്ള ഒരു സമീപനമാണ് പതിമൂന്നാം പദ്ധതിയിൽ ലക്ഷ്യമിടുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിൽ യുവജനക്ഷേമത്തിനും ഊന്നൽ നൽകുന്നുണ്ട്. കായികരംഗങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ കായിക വികസനം സാദ്ധ്യമാക്കുന്ന പദ്ധതികൾക്കു രൂപം നൽകാൻ പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകുന്നുണ്ട്. കലാ സാംസ്കാരിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കു രൂപം നൽകാനും മാർഗ്ഗരേഖ വിഭാവനം ചെയ്യുന്നുണ്ട്. യുവജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം വർദ്ധിപ്പിക്കുന്നതോടൊപ്പം അവരുടെ പ്രവർത്തനം തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും സഹകരണം ഊട്ടിയുറപ്പിക്കാനും ഇത്തരം പ്രോജക്ടുകൾ പ്രയോജനപ്പെടും. തദ്ദേശസ്ഥാപനങ്ങളുടേയും ഗ്രാമസഭയുടേയും പ്രവർത്തനം മെച്ചപ്പെടുത്താനും ജാതി-മത-വർഗ്ഗ ചിന്തകളില്ലാതെ ഒരുമയോടെ പ്രവർത്തിക്കുന്ന ഒരു ജനതയെ വാർത്തെടുക്കാനും യുവജനങ്ങൾക്കായുള്ള വിവധ പദ്ധതികളിലൂടെ കഴിയും.

തദ്ദേശസ്ഥാപനത്തിൽ പ്രവർത്തിക്കുന്ന യുവജനക്ലബ്ബുകളിൽനിന്നുള്ളവരെ ഉൾപ്പെടുത്തി ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, കബടി തുടങ്ങിയ ഇനങ്ങൾക്കു പുറമെ പ്രാദേശിക തലത്തിൽ പ്രാധാന്യമുള്ള ഗെയിമുകളേയും ഉൾപ്പെടുത്തി ടീമുകൾ രൂപീകരിക്കാം. ഇത്തരത്തിലുള്ള ടീമുകളെ ഉൾപ്പെടുത്തി ചാമ്പൻഷിപ്പ് മത്സരങ്ങൾ നടത്താനും കഴിയും. ഈ ചാമ്പ്യൻഷിപ്പിലൂടെ നല്ല കളിക്കാരെ കണ്ടെത്തി തദ്ദേശസ്ഥാപനതലത്തിൽ ടീമുകളുണ്ടാക്കാം. 18 മുതൽ 45 വയസ്സുവരെ പ്രായമുള്ളവരെയാണ് തെരഞ്ഞെടുക്കേണ്ടത്. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ടീം അംഗങ്ങൾക്കു ഒരു മാസത്തെ പരിശീലനം നൽകുവാനും കഴിയും. ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം എന്നിവയ്ക്കെല്ലാംകൂടി ഗ്രാമപഞ്ചായത്തുകൾക്കു 30,000/- രൂപയും നഗരസഭകൾക്കു 40,000/- രൂപയും കോർപ്പറേഷനുകൾക്കു 50,000/- രൂപയും ചെലവഴിക്കാം. ജില്ലാസ്പോർട് കൗൺസിൽ കോച്ചുകൾ, സ്കൂൾ കായിക അധ്യാപകർ, വിരമിച്ച കായിക അധ്യാപകർ, ജില്ലാ-സംസ്ഥാന ടീം അംഗങ്ങൾ എന്നിവരൽനിന്നു പരിശീലകരെ കണ്ടെത്താം. തദ്ദേശഭരണസ്ഥാപനത്തിന്റെ പേരെഴുതിയ യൂണിഫോമു നൽകാവുന്നതാണ്. തദ്ദേശസ്ഥാപനതലത്തിലുള്ള ടീമുകളുടെ രൂപീകരണം, കോച്ചിംഗ് ക്യാമ്പ് സംഘാടനം,യുവജനക്ലബ്ബുകളുടെ കോച്ചിംഗ് ക്യാമ്പിനുള്ള ധനസഹായം, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കു തദ്ദേശസ്ഥാപനങ്ങൾക്കു പ്രോജക്ടുകൾ വയ്ക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തു തലത്തിലുള്ള ടീമുകളെ ഉൾപ്പെടുത്തി സെലക്ഷൻ ട്രയൽ നടത്തി ബ്ലോക്ക്തല ടീം രൂപീകരിക്കാം. ഇതിനു ബ്ലോക്ക് പഞ്ചായത്തിനും പ്രോജക്ട് വയ്ക്കാവുന്നതാണ്. ഓരോ ഗെയിമിനും 30,000/- രൂപ വച്ചു പദ്ധതി രൂപീകരിക്കാനാകും.

ബ്ലോക്ക്, മുനിസിപ്പൽ, കോർപ്പറേഷൻ എന്നിവിടങ്ങളിലെ ടീമുകളെ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ മീറ്റ് സംഘടിപ്പിച്ച് അതിൽനിന്നു തെരഞ്ഞെടുക്കുന്നവരെ ഉൾപ്പെടുത്തി ജില്ലാടീം രൂപീകരിക്കാം. ജില്ലാതല മീറ്റിനു ഓരോ ഗെയിമിനും ഒരു ലക്ഷം രൂപ വീതം ചെലവഴിക്കാൻ പദ്ധതി വയ്ക്കാവുന്നതാണ്. ജില്ലാതലത്തിൽ വിജയിക്കുന്ന ടീമുകളെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കാം. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു യൂത്ത് ക്ലബ്ബ് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ പരസ്പര ബന്ധമുള്ള ഒരു സംഘടനാസംവിധാനവും മുനിസിപ്പൽ-കോർപ്പറേഷൻ തലത്തിൽ തനതായ ഒരു സംവിധാനവും ആവശ്യമാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രസിഡന്റ് /ചെയർമാൻ/ മേയർ അദ്ധ്യക്ഷനും സെക്രട്ടറി കൺവീനറും തെരഞ്ഞെടുക്കപ്പെട്ട ഒരംഗം ഉപാദ്ധ്യക്ഷനും, യൂത്ത് കോർഡിനേറ്റർ/ യൂത്ത് വെൽഫയർ ഓഫീസർ ജോയിന്റ് കൺവീനറും നോമിനേറ്റ് ചെയ്ത യൂത്ത്ക്ലബ്ബ് അംഗങ്ങൾ, അംഗങ്ങളുമായ ഒരു ഏകോപനസമിതി തദ്ദേശസ്ഥാപനത്തിൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. അതിന്റെ വിശദമായ ഘടന പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ 7.6 ഇനമായി നൽകിയിട്ടുണ്ട്. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ കളിക്കാർക്കും പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് നൽകണം. സെമി ഫൈനലിലും ഫൈനലിലും കളിക്കുന്ന എല്ലാ ടീമംഗങ്ങൾക്കും ക്യാഷ് അവാർഡ് നൽകണം. വിജയികൾക്കും റണ്ണർ അപ്പ് ആകുന്നവർക്കും ട്രോഫികൾ നൽകണം. ഇതിനാവശ്യമായ തുക പ്രോജക്ടിൽ വകകൊള്ളിച്ചിരിക്കുന്ന തുകയിൽനിന്നു നൽകാവുന്നതാണ്.

സ്കൂൾ തലത്തിൽ തന്നെ കായിക താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി തുടർച്ചയായ പരിശീലനം നൽകി നല്ല കായിക താരങ്ങളെ വാർത്തെടുക്കാൻ കഴിയണം. ഇതിനായി എസ്.എസ്.എ, ആർ.എം.എസ്.എ എന്നിവയുടെ സാദ്ധ്യതകളും കായിക അദ്ധ്യാപകരുടെ സേവനവും പ്രയോജനപ്പെടുത്തണം. ഇതിനുവേണ്ടി ബ്ലോക്ക്-പഞ്ചായത്ത് തലത്തിലും നഗരസഭാ തലത്തിലും പ്രോജക്ടുകൾ വയ്ക്കാം. ഇതു കൂടാതെ രജിസ്ട്രേഡ് യുവജനക്ലബ്ബുകൾക്കു 5,000/-രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ നൽകാനുള്ള പദ്ധതി വയ്ക്കാൻ കഴിയും. ഒരു വാർഡിൽ ഒരു കളിസ്ഥലം, ഓരോ തദ്ദേശസ്ഥാപനത്തിലും ഓരോ മിനി സ്റ്റേഡിയം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഒരു തദ്ദേശസ്ഥാപനത്തിൽ ഒരു നീന്തൽ കുളമെങ്കിലും സ്ഥാപിച്ച് നീന്തൽ പരിശീലനം നൽകാനുള്ള പദ്ധതി തയ്യാറാക്കാൻ കഴിയണം. കലാരംഗത്ത് പ്രവർത്തിക്കുന്നവർക്കു 2017-18 വർഷത്തെ വജ്രജൂബിലി ഫെലോഷിപ്പ് നേടുന്നവർക്കു സർക്കാർ ധനസഹായത്തിനു പുറമെ തദ്ദേശസ്ഥാപനത്തിനു സഹായം നൽകാൻ കഴിയും. സർക്കാർ സ്ഥാപങ്ങളോടു ബന്ധപ്പെട്ട് കലാപ്രവർത്തനം നടത്തുന്നവർക്കു ആവശ്യമായ സഹായം ചെയ്തു കൊടുക്കാൻ കഴിയണം. ബാലസഭാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനു പദ്ധതികൾ തയ്യാറാക്കി നടപ്പാക്കണം. ഗ്രാമപഞ്ചായത്തുകളിൽ വാർഡ് ഒന്നിനു 1000/-രൂപയും പഞ്ചായത്തു തലത്തിൽ 40,000/-രൂപയും നഗരസഭയിൽ വാർഡ് ഒന്നിനു 1500/-രൂപയും കോർപ്പറേഷൻ വാർഡുകൾക്കു 2500/- രൂപയും ബാലസഭാ പ്രവർത്തനങ്ങൾക്കു ചെലവഴിക്കാവുന്നതാണ്.

കായിക-കലാ-സാംസ്കാരിക രംഗത്തെ പദ്ധതികളിലൂടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അവിടെയുള്ള യുവാക്കളും കുട്ടികളും തമ്മിലുള്ള ഒരു സ്വരലയം ഉണ്ടാക്കുക വഴി നാടിന്റെ വികസനത്തിനു ഇവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയും. മാത്രമല്ല, തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഗുണമേന്മ വർദ്ധിപ്പിക്കാനും സുതാര്യമായും സമയബന്ധിതമായും പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കാനും കഴിയും. പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനു ഉതകുന്ന പദ്ധതികൾ രൂപം കൊടുക്കാനും ലക്ഷ്യബോധത്തോടെ പ്രവർത്തനങ്ങൾ നടത്താനും യുവത്വത്തിന്റെ ഊർജസ്വലതയും ഭാവനാസമ്പന്നതയും പ്രയോജനപ്പെടുത്താൻ കഴിയണം.

വി.ജി.ശശിധരൻ

അഞ്ചുദിവസത്തെ സംസ്ഥാന സന്ദർശനത്തിനെത്തിയ ശ്രീലങ്കൻ ഉന്നതതല സംഘത്തിനു കിലയിൽ നൽകിയ സ്വീകരണത്തിനു നന്ദി പറഞ്ഞ് ശ്രീലങ്കയിലെ ശിശു-വനിതാക്ഷേമവകുപ്പുമന്ത്രി ചന്ദ്രാണി ഭണ്ഡാര സംസാരിക്കുന്നു

കേരളത്തിലെ അധികാരവികേന്ദ്രീകരണം മികച്ചത്: ശ്രീലങ്കൻ മന്ത്രി

കേരളത്തിലെ അധികാരവികേന്ദ്രീകരണം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ മികച്ചതാണെന്നു ശ്രീലങ്കയിലെ ശിശു-വനിതാക്ഷേമവകുപ്പുമന്ത്രി ചന്ദ്രാണി ഭണ്ഡാര അഭിപ്രായപ്പെട്ടു. ശ്രീലങ്കയിലെ പ്രാദേശിക ഭരണസംവിധാനം ശക്തമാണെങ്കിലും പലതും കേരളത്തിൽനിന്നു പഠിക്കാനുണ്ടെന്നു അവർ പറഞ്ഞു. അഞ്ചുദിവസത്തെ സംസ്ഥാന സന്ദർശനത്തിനു കിലയിലെത്തിയ ഉന്നതതല സംഘത്തിനു നൽകിയ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അവർ. കില പ്രൊഫ.ഡോ.സണ്ണി ജോർജ് അദ്ധ്യക്ഷനായിരുന്നു. അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ്, സെക്ഷൻ ഓഫീസർ കെ.ബാബു, കോർഡിനേററർ പി.വി.രാമകൃഷ്ണൻ എന്നിവർ സംബന്ധിച്ചു.

ശ്രീലങ്കൻ പ്രൊവിൻഷ്യൽ കൗൺസിൽ-ലോക്കൽ ഗവേണൻസ് സഹമന്ത്രി ശ്രീയാനി വിജെവിക്രമ, വനിതാവകുപ്പു സഹമന്ത്രി വിജയകലാ മഹേശ്വരൻ, സുസ്ഥിരവികസന വകുപ്പു സഹമന്ത്രി സുമേധ ജയസേന, പാർലമെന്റ് അംഗങ്ങളായ തുസിത വിജയമന്നെ, എഡ്വാർഡ് ഗുണശേഖര, ശാന്തിനി കോഗെ, ഇന്ദിര ദിസനായകെ, പാർലമെന്റ് അസി.സെക്രട്ടറി ജനറൽ കുഷാനി രോഹനീന്ദ്ര, ശ്രീലങ്കൻ ലോക്കൽ ഗവേണൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സുജീവ സമരവീര തുടങ്ങിയ പ്രമുഖരാണ് ശ്രീലങ്കൻ സംഘത്തിലുണ്ടായിരുന്നത്.

കേരളത്തിലെ പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ച് പ്രൊഫ. ടി.രാഘവനും പങ്കാളിത്ത ആസൂത്രണ നടപടിക്രമങ്ങളെസംബന്ധിച്ച് സി.രാധാകൃഷ്ണനും പ്രാദേശക സർക്കാരുകളുടെ ധനസമാഹരണത്തേയും സംസ്ഥാന ധനകാര്യകമ്മിഷനേയും പറ്റി ഡോ.സണ്ണി ജോർജും പഞ്ചായത്തുകളുടെ അധികാരങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച് പി.വി.രാമകൃഷ്ണനും സംസാരിച്ചു. ചേലക്കര ഗ്രാമപഞ്ചായത്ത്, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ ജില്ലാപഞ്ചായത്ത്, തൃപ്പൂണിത്തുറ നഗരസഭ എന്നിവിടങ്ങൾ സന്ദർശിച്ച സംഘം ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

ഡബ്ബിൾ എൻട്രി സോഫ്റ്റ് വെയർ പരിശീലനം

ജില്ലാപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർക്കുള്ള സാംഖ്യ ഡബ്ബിൾ എൻട്രി സോഫ്റ്റ് വെയർ പരിശീലനം കിലയിൽ ആരംഭിച്ചു. ജില്ലാപഞ്ചായത്ത് ഉദ്യോഗസ്ഥർക്കു ഇതാദ്യമായിട്ടാണ് ഈ പരിശീലനം നൽകുന്നത്. ഫിനാൻസ് ഓഫീസർമാർ, ഹെഡ്ക്ലാർക്ക്, സീനിയർ ഓഫീസർമാർ ഉൾപ്പെടെ 32 പേരാണ് ത്രിദിന പരിശീലനത്തിൽ പങ്കെടുത്തത്. കോഴ്സ്ഡയറക്ടർ ഡോ.എസ്.വിനോദ്, കോർഡിനേറ്റർ അഡ്വ.സി.കെ, സാജിറ, കില എക്സ്റ്റൻഷൻ ഫാക്കൽറ്റികളായ ഫ്രെഡ്ഡി സി.ഫെറിയ, പി.ബി. ജ്യോതി, പി.ബി.ജോഷി, ഐ.കെ.എം.ഫാക്കൽറ്റികൾ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. ഡബ്ബിൾ എൻട്രി അക്കൗണ്ടിംഗിന്റെ അടിസ്ഥാന തത്വങ്ങൾ, പഞ്ചായത്തുകളിലെ ഫിനാൻസ്, അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ, ജേർണൽ, ധനകാര്യസ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ, രശീതി, രശീതി റദ്ദാക്കൽ, റിവേഴ്സ് എൻട്രി, പേയ്മെന്റ് ഓർഡർ, പേയ്മെന്റ് അക്കൗണ്ടിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു പരിശീലനം. സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുന്ന രീതിയെക്കുറിച്ചും പരിശീലനം നൽകി.

ജെന്റർ റിസോഴ്സ് സെന്റർ അംഗങ്ങൾക്കു പരിശീലനം

സ്ത്രീകൾക്ക് ഒരിടം എന്ന ലക്ഷ്യത്തോടെ പതിമൂന്നാംപദ്ധതി മാർഗ്ഗരേഖയിലൂടെ നിർദ്ദേശിക്കപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജെന്റർ റിസോഴ്സ് സെന്ററിനെ സംബന്ധിച്ചുള്ള ദ്വിദിന പരിശീലനം കിലയിൽ തുടങ്ങി. വയനാട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറിമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, വിഷയമേഖലാവിദഗ്ദ്ധർ തുടങ്ങിയവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. കോഴ്സ് ഡയറക്ടർ ഡോ.കെ. പി.എൻ.അമൃത ആമുഖാവതരണം നടത്തി. അനിതാ ബാബുരാജ് പരിശീലനപരിപാടി വിശദീകരിച്ചു. ലിംഗപദവി ആസൂത്രണത്തെക്കുറിച്ച് എസ്.ജയശ്രീയും ലിംഗപദവി പഠനത്തെ പറ്റി ഡോ.ആർ. രമ്യയും സംസാരിച്ചു.

വനിതാപദ്ധതികളുണ്ടാക്കുക, പദ്ധതി നിർവഹണത്തിനു തദ്ദേശസ്ഥാപനങ്ങൾക്കു അക്കാദമിക് സഹായം നൽകുക, സ്ത്രീശാക്തീകരണം ശക്തിപ്പെടുത്തുക, ജാഗ്രതാസമിതികൾ പുനസ്സംഘടിപ്പിക്കുക തുടങ്ങിയവയാണ് ജെന്റർ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തന ലക്ഷ്യം. സംസ്ഥാനത്തൊട്ടാകെ ഇതിനകം 85 സെന്ററുകളുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**